YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സ്മാർട്ട് ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നിയോഗിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ടും തുടർ പ്രവർത്തനങ്ങളും ചർച്ച ചെയ്യുന്നതിനായി കൂടിയ വകുപ്പ് മേധാവികളുടെ ഓൺലൈൻ യോഗത്തിന്റെ ശുപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**എസ് സി / എസ് ടി സെൽ**

നമ്പർ. 5420/SC/ST Cell/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 16.11.2020

---

*പരാമർശം:-*സ്മാർട്ട് ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നിയോഗിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ടും തുടർ പ്രവർത്തനങ്ങളും ചർച്ച ചെയ്യുന്നതിനായി 01.10.2020 തീയതിയിൽ ചേർന്ന വകുപ്പ് മേധാവികളുടെ ഓൺലൈൻ യോഗത്തിന്റെ നടപടിക്രമങ്ങൾ.

**<u>ഉത്തരവ്</u>**

സ്മാർട്ട് ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നിയോഗിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ടും തുടർ പ്രവർത്തനങ്ങളും ചർച്ച ചെയ്യുന്നതിനായി ചേർന്ന വകുപ്പ് മേധാവികളുടെ ഓൺലൈൻ യോഗത്തിൽ താഴെ പറയുന്ന ശുപാർശകൾ കൈക്കൊണ്ടു.

1. പഠന വകുപ്പുകളിൽ നിലവിലുള്ള സ്മാർട്ട് ക്ലാസ് റൂമുകൾ ഓൺലൈൻ അധ്യാപനം നടത്തുന്നതിനായി ഉപയോഗിക്കണമെന്ന് യോഗം ശുപാർശ ചെയ്തു.
2. എല്ലാ പഠന വകുപ്പുകൾക്കും separate Static IP Address ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് യോഗം ശുപാർശ ചെയ്തു.
3. സർവകലാശാലയുടെ webex account നിലവിൽ സ്മാർട്ട് ക്ലാസ് റൂമുകൾ ഉള്ള 14 ഡിപ്പാർട്ട്മെന്റുകളിൽ സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസ്, സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ്സ് സ്റ്റഡീസ് എന്നിവ ഒഴികെ മറ്റ് 12 ഡിപ്പാർട്ട്മെന്റുകൾക്കും share ചെയ്തു നൽകണമെന്ന് യോഗം ശുപാർശ ചെയ്തു.
4. എല്ലാ ഡിപ്പാർട്ട്മെന്റുകളും ഓൺലൈൻ അദ്ധ്യാപനം നടത്തുന്നതിലേക്കായി ഒരു electronic Slate/Writing pad അതാത് Department Development Fund ൽ നിന്നും വാങ്ങേണ്ടതാണെന്ന് യോഗം ശുപാർശ ചെയ്തു.
5. രണ്ട് LCD പ്രോജെക്ടറുകൾ ഉള്ള സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ്, സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ്, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ്, സ്കൂൾ ഓഫ് മാനേജ്മന്റ് ആൻഡ് ബിസിനസ് സ്റ്റഡീസ് എന്നീ പഠന വകുപ്പുകളിൽ നിലവിലുള്ള UPS മാറ്റി 3 KVA / അതിൽ കൂടുതൽ കപ്പാസിറ്റിയുള്ള UPS സ്ഥാപിക്കുവാനും ബാക്കിയുള്ള 10 ഡിപ്പാർട്ട്മെന്റുകളിൽ സ്കൂൾ ഓഫ് ബയോസയൻസ്, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് എന്നിവ ഒഴികെ 1 LCD പ്രൊജക്ടർ മാത്രമുള്ള മറ്റ് 8 ഡിപ്പാർട്ട്മെന്റുകളിൽ 2 KVA / അതിൽ കൂടുതൽ കപ്പാസിറ്റിയുള്ള UPS സ്ഥാപിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് യോഗം ശുപാർശ ചെയ്തു.
6. സ്മാർട്ട് ക്ലാസ് റൂമുകളിൽ ഓൺലൈൻ അധ്യാപനം നടത്തുന്നത് സംബന്ധിച്ച് എല്ലാ പഠന വകുപ്പുകളിലെയും faculties ന് അതാത് ഡിപ്പാർട്ട്മെന്റുകളിൽ വച്ച് training നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് യോഗം ശുപാർശ ചെയ്തു.
7. സ്മാർട്ട് ക്ലാസ് റൂമുകളുടെ warranty period 6 മാസം കൂടി extend ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് യോഗം ശുപാർശ ചെയ്തു.

Draft #6 of File 26201/SC ST CELL-1/2020/VC SECTION Approved by DEPUTY REGISTRAR (P & D) on 16-Nov-2020 10:55 AM - Page 1

8. പ്രൊഫ. ബിന്ദു വി.ആർ, ശ്രീ സന്തോഷ് കുമാർ എന്നിവർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഠന വകുപ്പുകളിലെ സ്മാർട്ട് ക്ലാസ് റൂമുകളിൽ നിലവിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് M/s KELTRON നോട് ആവശ്യപ്പെടുന്നതിനും ഇതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ശ്രീ സന്തോഷ് കുമാറിനെ ചുമതലപ്പെടുത്തുന്നതിനും യോഗം ശുപാർശ ചെയ്തു.

9. പഠന വകുപ്പുകളിലെ സ്മാർട്ട് ക്ലാസ് റൂമുകളിൽ ഓൺലൈൻ അധ്യാപനം നടത്തുമ്പോൾ മൂഡിൽ ഓപ്പൺ സോഴ്സ് ലേർണിംഗ് മാനേജ്മെന്റ് പ്ലാറ്റ്ഫോം ഉപയോഗിക്കുന്നതിൽ ശ്രദ്ധ ചെലുത്തണമെന്ന് യോഗം ശുപാർശ ചെയ്തു.

10. എല്ലാ ഡിപ്പാർട്ട്മെന്റുകളിലും അധികമായി ഓരോ സ്മാർട്ട് ബോർഡുകൾ സ്ഥാപിക്കുന്നത് നന്നായിരിക്കും എന്ന ആവശ്യം യോഗം ചർച്ച ചെയ്യുകയും 1,30,000/- രൂപയോളം വില വരുന്ന ബോർഡുകൾ ഒരു ഡിപ്പാർട്ട്മെന്റിൽ ബാച്ചുകളുടെ എണ്ണം അനുസരിച്ച് ഒന്നിലധികം വേണ്ടിവരും എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആവശ്യം യോഗം ശുപാർശ ചെയ്യേണ്ടതില്ല എന്ന് തീരുമാനിച്ചു.

11. സ്കൂൾ ഓഫ് ലെറ്റേഴ്സ്, സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ്സ് സ്റ്റഡീസ്, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ്, സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ട് എന്നീ പഠന വകുപ്പുകൾ സ്മാർട്ട് ക്ലാസ് റൂമുകളുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും യോഗം ശുപാർശ ചെയ്തു.

12. മഹാത്മാഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് സ്കൂൾ ഓഫ് ജേർണലിസം ഡിപ്പാർട്ട്മെന്റിൽ പ്രവർത്തനമാരംഭിക്കുന്ന സാഹചര്യത്തിൽ അവിടെ നിലവിലുള്ള ഒരു ക്ലാസ്സ് റൂം, സ്മാർട്ട് ക്ലാസ്സ് റൂം ആക്കി മാറ്റണമെന്ന ആവശ്യം ഡയറക്ടർ-ഇൻ-ചാർജ് ഉന്നയിക്കുകയും എന്നാൽ ഇതിനാവശ്യമായ സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് പ്രസ്തുത ആവശ്യം യോഗം ശുപാർശ ചെയ്യേണ്ടതില്ല എന്ന് തീരുമാനിച്ചു.

മേൽ ശുപാർശകൾ ബഹു. വൈസ് ചാൻസലർ 10.11.2020 തീയതിയായി അംഗീകരിച്ചിട്ടുണ്ട്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡെപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ പഠനവകുപ്പ് മേധാവികൾക്കും
2. പ്രൊഫ.(ഡോ.) ബിന്ദു വി. ആർ , സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ്
3. ശ്രീ സന്തോഷ് കുമാർ, ടെക്നിക്കൽ അസിസ്റ്റന്റ്, സ്കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സ്
4. യൂണിവേഴ്സിറ്റി എഞ്ചിനീയർ
5. പി.എസ് ടു വിസി /പിവിസി
6. പി.എ ടു രജിസ്ട്രാർ /എഫ്.ഒ
7. എഡി. ബി 3 / സി.എം..എസ്
8. കരുതൽ ഫയൽ

Draft #6 of File 26201/SC ST CELL-1/2020/VC SECTION Approved by DEPUTY REGISTRAR (P & D) on 16-Nov-2020 10:55 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം